**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3715** **26-10-2021 - ൽ മറുപടിയ്ക്ക്**

**കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വകുപ്പിന് എത്ര ഏക്കർ ഭൂമി വിട്ടുതന്നിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കൊളത്തൂർ വില്ലേജിലെ റി.സർവ്വേ നമ്പർ 11/1B യിലെ 14.92 ഏക്കർ ഭൂമിയും 11/1A യിലെ 7.82 ഏക്കർ ഭൂമിയുമടക്കം 22.74 ഏക്കർ റവന്യൂ വകുപ്പിൽ നിന്നും പെർമിസീവ് സാങ്ഷൻ എന്ന വ്യവസ്ഥയിൽ മൃഗസംരക്ഷണ വകുപ്പിന് കൈമാറി കിട്ടിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് കോസ്റ്റ് എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | 394.84 ലക്ഷം |
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (സി) | ബേഡടുക്ക ഗോട്ട് ഫാമുമായി ബന്ധപ്പെട്ട 5 ഗോട്ട് ഷെഡുകളുടെ നിർമ്മാണത്തിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയാണ് കൺസൾട്ടൻസിയായി തീരുമാനിച്ചത്. ഫോംസ് കൺസ്ട്രക്ഷൻ കമ്പനിയാണ് നിർമ്മാണ പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നത്. ഗോട്ട് ഫാം പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് 63,06,000/- രൂപ PWD ഹെഡിൽ നിന്നും അനുവദിച്ചതിനെ തുടർന്ന് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ 11/08/2021 മുതൽ വീണ്ടും ആരംഭിച്ചു. എന്നാൽ നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന നാല്പതോളം മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ അനുമതി തേടിയിട്ടുണ്ട്. പ്രസ്തുത അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തി പുനഃരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ